
# *FLYING KITES*

*BY*

*LITTLE KITES*

*RMHSS VADAVUCODE*



# Editorial Board


***1.Anjal Suneesh***
***2.Aswin Vijayakumar***
***3.Mariya Viji***
***4.Abhinivesh Venu***
***5.Aksa Mariya***
***6.Chithira C S***
***7.Sona***

# ***സന്ദേശം...***

***ലിറ്റിൽകൈറ്റ്സ് പദ്ധതിയിൽ അംഗങ്ങളായ വിദ്യാർഥിക്കൾ തയാറാക്കിയ FLYING KITES മാഗസിന് ആശംസകൾ നേരുന്നു***

***Head mistress***
***Shanty Mathew***

# ഉള്ളടക്കം

1. ആമുഖം
2. ഐ. ടി ക്വിസ്
3. കവിത
4. മഹത് വചനം
5. നുറുങ്ങുകൾ
6. കവിത
7. കവിത
8. പ്രളയാനന്തര കേരളം
9. Wikipedia
10. Newtons law
11. Thanks

# രാജർഷി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ ചരിത്രത്തിന്റെ ഏടുകളിൽ.......

*അസ്ഥിരമായ രാജപദവി ഉപേക്ഷിച്ച് അനശ്വരമായ അറിവിന്റെ ലോകത്തെ ചക്രവർ ത്തിപദം സ്വീകരിച്ച് ശ്രീരാമവർമ്മ മഹാരാജാവ് ലോകത്തിന് രാജർഷിയായി മാറി. ആ രാജർഷി തമ്പുരാന്റെ വടവുകോടിനോടുള്ള പ്രത്യേക വാത്സല്യം മുൻനിർത്തി മഹാരാജാവിന്റെ*
*പുത്രനും അന്നത്തെ വിദ്യാഭ്യാസ ഡയറക്ടറുമായിരുന്ന ഐ. എൻ. മേനോൻ ലോകത്തിന് വെളിച്ചം പകരാൻ രാജർഷി മെമ്മോറിയൽ സ്കൂൾ അനുവദിച്ചു. വടവുകോട് പ്രദേശത്തുനിന്നും ആദ്യമായി സ്കൂൾ ഫൈനൽ പാസായ ശ്രീ. കെ. പി. എബ്രാഹാം വടവുകോടിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി 1939-ൽ ഈ വിദ്യാലയം സ്ഥാപിച്ചു. ഈ സ്ഥാപനത്തിന്റെ ആദ്യത്തെ ഹെഡ്മാസ്റ്ററും മാനേജരും അദ്ദേഹമായിരുന്നു. 1945-ൽ 8,9 ക്ലാസ്സുകൾ ആരംഭിക്കുകയും 1947 മാർച്ചിൽ എസ്. എസ്. എൽ. സി. യുടെ ആദ്യ ബാച്ച് പുറത്തിറങ്ങുകയും ചെയ്തു. ഈ സ്ഥാപനത്തിന്റെ വളർച്ചയുടെ പടവുകളിൽ 1953-ൽ ട്രെയിനിംഗ് സ്കൂൾ അനുവദിച്ചതും 2000-ത്തിൽ ഹയർ സെക്കൻഡറി അനുവദിച്ചതും ഉൾപ്പെടുന്നു. കൊച്ചി രാജ്യത്ത് ഏറ്റവും നല്ല വിദ്യാലയത്തിനുള്ള രാജർഷി കപ്പ് തന്നെ സ്വന്തമാക്കിയ ചരിത്രം അവിസ്മരണീയമാണ്. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ വിജയത്തിന്റെ താളുകൾ എഴുതിച്ചേർത്തുകൊണ്ട് കഴിഞ്ഞ 79 വർ ഷങ്ങൾ നിറം പിടിപ്പിച്ചു. ധാരാളം പ്രതിഭാശാലികളായ അദ്ധ്യാപകരുടെ നിര തന്നെ രാജർഷി സ്കൂളിൽ നിലനിന്നിരുന്നു. അക്കാദമിക് തലത്തിലെ മികവിനൊപ്പം തന്നെ കലാ കായിക മത്സരങ്ങളിലും*

***തുടർച്ചയായി സംസ്ഥാന തലത്തിൽ നമ്മുടെ വിദ്യാലയം മികവു തെളിയിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ വിദ്യാലയം, കഴിഞ്ഞ അദ്ധ്യയന വർഷം 27 കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും A+ഉം 3 കുട്ടികൾക്ക് 9 A+ ഉം 100% വിജയം നിലനിർത്തിയും ജൈത്രയാത്ര തുടരുകയാണ്. ഈ സ്ഥാപനത്തിൽ ഇപ്പോൾ 5 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലായി 1500 കുട്ടികൾ അധ്യയനം നടത്തുന്നു.75 അദ്ധ്യാപകരും 10 അനദ്ധ്യാപകരും സ്കൂളിൽ സേവനം അനുഷ്ഠിക്കുന്നു.***




***RAJARSHI KERALA PIRAVI***

# ഐ. റ്റി ക്വിസ്

➔ ലോഗോ [logo] എന്ന പ്രോഗ്രമിംഗ് ഭാഷയുടെ പിതാവ് ആര് ?

ഉ.സെയ്മൂർ പാപ്പർട്ട്

➔ ലോകത്തിലെ ഏറ്റവും വലിയ ഓൺലൈൻ വിജ്ഞാന കോശമായ വിക്കിപീഡിയ [wikipedia]യുടെ സ്ഥാപകൻ ആരാണ്?

ഉ.ജിമ്മി വേൽസ്

➔ കേരളത്തിലെ ആദ്യ കമ്പ്യൂട്ടർ വൽകൃത പഞ്ചായത്ത് ഏത് ?

ഉ.വെള്ളനാട് [ത്രിരുവനന്തപുരം ജില്ല]

➔ ലോക കമ്പ്യൂട്ടർ സാക്ഷരതാദിനം എന്ന്?

ഉ.ഡിസംബർ-2

➔ ലോകത്തിലെ ഏറ്റവും വലിയ പേഴ്സണൽ കമ്പ്യൂട്ടർ നിർമാതാക്കൾ?

ഉ.ഹ്യൂലറ്റ് പാക്കാറ്ഡ്[HP]

➔ സ്വതന്ത്ര സോഫ്റ്റവെയർ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ?

ഉ.റിച്ചാർഡ് സ്റ്റോൾമാൻ

➔ ഇന്റർനെറ്റിന്റെ പിതാവാര്?

ഉ.ഗ്ലെൻ റിക്കാർറ്റ്

➔ ഇന്ത്യയിൽ ഇന്റർനെറ്റ് സംവിധാനം ആദ്യമായി നൽകിയ കമ്പനി?

ഉ.വി.എസ്.എൻ.എൽ

➔ മലയാളം വിക്കിപീഡിയ നിലവിൽ വന്ന വർഷം?

ഉ.2002

➔ ആദ്യമായി മലയാളം വെബ്സൈറ്റ് തുടങ്ങിയ ബാങ്ക് ഏത് ?

ഉ.എസ്.ബി.ടി

ചിത്തിര സി.എസ്

9B

# മഴയേ.........

# കുളിർ മഴയേ......

*മഴയേ.... പുതുമഴയേ.......*
*എൻ മനസ്സിനെ കുളിരണിയിക്കു....*
*മഴയേ.... നിറമഴയേ......*
*എൻ മനസ്സിൽ പീലി വിരുത്തു....*
*നിൻ കുളിരായ് നീ വരുവോളം*
*ഞാൻ നിന്നെ കാത്തിങ്ങിരിപ്പൂ.....*
*നിൻ വരവോ എൻ മനതാരിൽ*
*പുതു പുളകം ചാർത്തീടുന്നു.*
*നിൻ കുളിരോ എൻ മനതാരിൽ*
*കുളിർ മഴയായ് പൂത്തീടുന്നു.*
*നിൻ വരവിൽ ലോകം മുഴുവൻ*
*കുളിരാൽ ആനന്ദിക്കുന്നു.*
*നിൻ വരവിൽ ലോകം മുഴുവൻ*
*കുളിരാൽ ആനന്ദിക്കുന്നു .*
*നിൻ വരവിനായ് കാതോർക്കുന്നു*
*ഞാനോരോനിമിഷവുമെന്നും മഴയേ.... കുളിർ*
*മഴയേ... എൻ മനസ്സിൽ നിറയൂ കുളിരായ്*

*ഐശ്വര്യ പി.എച്ച്*

# രാജർഷി ഗീതം

ഉണരുക നമ്മൾ - ഒരുമയായ് ചേർന്നിടാം
നമുക്കൊന്നായ് മുന്നേറിടാം [2]
ശുഭസ്വപ്നമായ് നിറദീപ്തിയായ്
അക്ഷരാമുറ്റത്ത് കൈകോർത്തിടാം

രാജർഷി ധന്യം രാജ രാജ പുണ്യം
മധുര വിസ്മയ വിദ്യാലയം[2]

അറിവു നിറയും കടലാണു നീ
മഹിമയേറുന്ന കനിവാണു നീ[2]
മനസ്സിലെ സ്മരണയിൽ മയിൽപ്പീലിയായ്
എന്നും പ്രശോഭിക്കും വിദ്യാലയം
നമ്മുടെ വിദ്യാലയാം (രാജർഷി ധന്യം)
പൊഴിയും അക്ഷരക്കൂട്ടങ്ങളും[2]
തേൻതുള്ളിയായ് സ്നേഹലാവണ്യമായ്
ഓമനമനസുകൾക്കമൃതായിടാം[2]
എന്നും അമൃതായിടാം (ഉണരുക നമ്മൾ)
(രാജർഷി ധന്യം)

സത്യമേവ ജയതേ

***ജയസത്യമേവ ജയതേ***

***വിദ്യയേവ ജയതേ***

***വിദ്യാലയം ജയതേ***



## മഹത് വചനം...

**ഉൽസാഹം ഐശ്വര്യവും . അലസത ദാരിദ്രവും അത്യാർത്തി രോഗവും ഉണ്ടാക്കും.**

**പണം കൊടുത്തു വാങ്ങാവുന്നതല്ല വിനയം തന്റെ കഴിവ് മനസ്സിലാക്കി പരിപോഷിപ്പി ക്കുന്നവനാണ് വിനയി**

# നുറുങ്ങുകൾ

വായിച്ചാൽ വളരും
വായിച്ചില്ലേലും വളരും
വായിച്ചാൽ വിളയും
വായിച്ചില്ലേൽ വളയും

-കുഞ്ഞുണ്ണിമാഷ്

സത്യമേ ചൊല്ലാവൂ
ധർമ്മമേ ചെയ്യാവൂ
നല്ലതേ നൽകാവൂ
വേണ്ടതേ വാങ്ങാവൂ

-കുഞ്ഞുണ്ണിമാഷ്

# മാലിന്യം

മാനുഷന്മാരുടെ പ്രവർത്തികളോരൊന്നെ
നീ പറയൂ കേൾക്കാം ഞാൻ ബാലക
സ്വന്തം വീട്ടിലെ മാലിന്യങ്ങളെല്ലാം
പൊതിയിൽപൊതിഞ്ഞ്
അയലത്തെ വീട്ടീട്ട് വലിച്ചെറിഞ്ഞിടുന്നു.
ചീഞ്ഞും പുഴുത്തും അഴുകുന്ന
മാലിന്യത്തിന്റെ നാറ്റം വളഞ്ഞും
പുളഞ്ഞും മൂക്കിലേക്കെത്തുന്നു.
എന്നാലും മനുഷ്യർ നന്നാവില്ലൊരിക്കലും
കേരളത്തിന്റെ അവസ്ഥ ഇതാണല്ലോ
കേൾക്കണം മാന്യമഹാജനങ്ങളെ
പ്രതികരിക്കു നിങ്ങൾ പ്രതികരിക്കൂ.

-മെറീന രാജൻ

# ഞാൻ മാത്രം

എന്റെ സ്വപ്നങ്ങളിൽ എന്നും വസന്തമായിരുന്നു.
പൂക്കളെ സ്നേഹിച്ച ഞാനെപ്പോഴും
കൊതിച്ച ഞാൻ  തുമ്പിപോൽ  പറക്കുവാൻ
വർണ്ണ പൂക്കളിൽ പൂമ്പാറ്റയായിടാൻ
എന്റെ മോഹങ്ങളിൽ  എന്നും സംഗീതമായിരുന്നു.
കിനാവിന്റെ തീരഭൂമിയിൽ ഞാനൊരു സോപാനഗീതമായ്
കാറ്റും കുളിരും എന്നിൽ പുഷ്പ മഴയായി
എന്തിലും കണ്ടു ഞാൻ സംഗീത വർണ്ണങ്ങൾ
എന്റെ സ്മൃതികളിൽ എന്നും കുളിർമഴയായിരുന്നു.
പോയ ദിനത്തിന്റെ ആത്മഗീതങ്ങൾ
ശൈശവം പോലും ഒരോർമ്മയായി പടർന്നെന്നിൽ
പിന്നെ ബാല്യത്തിൽ നഷ്ട സ്വപ്നങ്ങളും.

-അതുൽ അശോകൻ

# പ്രളയാനന്തര കേരളം

*സമകാലിക സമൂഹത്തിൽ ഏറ്റവുമധികം ചർച്ച ചെയ്യുകൊണ്ടിരിക്കുന്ന വിഷയമാണ് പ്രളയാനന്തര കേരളം. രണ്ടായിരത്തി പതിനെട്ടിൽ ലോകം കണ്ട ഏറ്റവും വലിയ ദുരന്തമായിരുന്ന കേരളത്തിലെ പ്രളയം. അതിനെ നാം അതിജീവിച്ച ലോകത്തിന് തന്നെ മാതൃകയാകുന്ന വിധത്തിലാണ്.*

*ഏതൊരു ദുരന്തത്തിനും അഞ്ച്ഘട്ടങ്ങളുണ്ട്. രക്ഷപ്പെടുത്തൽ, ദുരിതാശ്വാസം, പുനരധിവാസം, പുനർനിർമാണം, പുനർവികസനം എന്നിവയാണവ. ആദ്യ മൂന്ന് ഘട്ടങ്ങൾ നാം ഏറെക്കുറെ നേടിയെടുത്തിരിക്കുന്നു. ലക്ഷക്കണക്കിന് പേരെ ബാധിച്ച ദുരന്തത്തിൽ നൂറോളം പേരാണ് മരിച്ചത്. ഈ ദുരന്തത്തിനു മുഖ്യ കാരണമായ മനുഷ്യന്റെ പരിസ്ഥിതിയിലെ ദുഷ്- പ്രവർത്തികൾ പരിഹരിക്കുന്ന വിധത്തിലായിരിക്കണം ഇനിയുള്ള നമ്മുടെ വികസന പ്രവർത്തനങ്ങൾ.*

*സാക്ഷരതയിൽ നാം മുന്നേറിയിട്ടും പരിസ്ഥിതി സംരക്ഷണത്തിൽ നമ്മൾ ഏറെ പിറകിലാണ്. കുന്നിടിച്ചും, വയലുകൾ നികത്തിയും, പ്രകൃതിയുടെ സ്വാഭാവിക ജലസംഭരണികൾ നശിപ്പിച്ചതും, അജൈവമാലിന്യങ്ങളാൽ മാലിന്യക്കൂമ്പാരം സൃഷ്ടിച്ചതും മനുഷ്യൻ പ്രകൃതിയെ കുത്തി നോവിക്കുമ്പോൾ അവ അസഹ്യമായ പ്രകൃതിയുടെ നിലവിളിയാണ് പ്രളയത്തിൽ പ്രതിഫലിച്ചത്. നാം പ്രകൃതി സംരക്ഷകരാവേണ്ട സമയം കഴിഞ്ഞിട്ട് കാലങ്ങളായി. ഇനിയെങ്കിലും നാം പ്രകൃതിയെ സംരക്ഷിക്കണം കുന്നുകളും, പുഴകളും, കാടുകളുമെല്ലാം സംരക്ഷിക്കാം. നാൽപ്പത്തിനാല് നദികൾ ജലസമൃദ്ധമായൊഴുകുന്ന ഒരു സുന്ദരകേരളമാകണം നമ്മുടെ സ്വപ്നം. അതിനായി നമുക്കൊത്തൊരുമിച്ച് പ്രവർത്തിക്കാം നവകേരളം കെട്ടിപ്പടുക്കാം.*

*- സഞ്ജയ് കൃഷ്ണൻ ടി. ആർ*
***10 D***

# WIKIPEDIA

Wikipedia is an online Encyclopedia. The name wikipedia is the mixed sound of the terms Wiki and encyclopedia. This is a joint venture for making a free and complete encyclopedia in all languages . This project works with the support of a voluntary organisation , Wikipedia foundation . The content in the Wikipedia will always be independent and free of cost . The articles in the Wikipedia are prepared by service minded users all over the world who are working voluntarily and collaboratively.



An America ,named Ward Cunningham is the person who initiated the concept of Wiki and developed the software. WIKI WIKI Web developed by him in 1994 ,the website WWW. C2.Com is established on 25th march 1995 . Wiki means website which gives freedom and facility to add , delete and modify any information by an user . Since adding information in wiki is very easy , became a line means for collaborative writing . The word wiki is also used to denote software which provide facility for making notes , articles and other writings through a collaborative effort .



Jimmy Wales and Larry Sanger started the project wikipedia on 15thjanuary 2001 . According to 2015 statistics , wikipedia has edition in more than 280 languages . The English edition was produced under their edition was produced under their leadership . Wikipedia has editions in 20indian languages including Malayalam.



SETHULAKSHMI O.S 9B

# NEWTONS 'S LAW

I *was interested in class one day when the teacher at random looked my way*

I didn't look up . I would dare there is no escaping that intense glare

Asked me explain to the class Newton's law of gravitation and mass

My mind was blanket , heart beats louder

For answer I started to flounder

I stood before the class trembling with fear

Gravity , I said and them oh! Dear I fell off the floor

How the class with laughter did roar

The children tittered in great amusement

They didn’t know my sad predicament

The teacher said you demonstrated gravity

Although you did it with much unity

At length I returned to my seat with much applause did they great . Now I look back upon this and ponder I decided to listen and not let my mind wander.

NANDHITHA KG
9C








100% വിജയം
27 ഫുൾ A+



# Thanks……………